കേരള സർക്കാർ

സംഗ്രഹം

തദ്ദേശ് സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് - 2003-04 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.4 - സർക്കാർ സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.1295/13/തസ്വഭവ തിരുവനന്തപുരം, തീയതി: 16.05.2013

---

പരാമർശം:
1. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 28.04.2012-ലെ യോഗത്തിലെ V(8)-ാം നമ്പർ തീരുമാനം.
2. ആലപ്പുഴ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 26.06.2012-ലെ I(1)-ാംനമ്പർ തീരുമാനം.
3. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.08.2012-ലെ ഇ 6.7807/12 നമ്പർ കത്ത്.
4. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 17.04.2013-ലെ എൽ.എഫ്. 19862//പി.റ്റി.1/2012 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2003-04 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.4 - സമഗ്ര മുട്ട ഉത്പ്പാദന പദ്ധതി നിർവഹണത്തിലെ അപാകതകൾ കാരണം ഓഡിറ്റിൽ തടസ്സപ്പെടുത്തിയ 12900/- (പന്ത്രണ്ടായിരത്തി തൊള്ളായിരം) രൂപയുള്ള ചെലവിന് സർക്കാർ സാധൂകരണം നൽകണമെന്ന മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പരാമർശം 1-ലെ യോഗതീരുമാനത്തിന്റേയും ആലപ്പുഴ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ പരാമർശം 2-ലെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പരാമർശം 3-ലെ കത്തു പ്രകാരം ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

സാധാരണ ജനങ്ങളുടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വരുമാന വർദ്ധനവിനും ഉതകുന്ന ഒരു പ്രോജക്ട് എന്നതിനാലും കാടക്കോഴി, മുട്ടക്കോഴി, താറാവ് എന്നിവയുടെ കുഞ്ഞുങ്ങൾ വിതരണം ചെയ്യപ്പെട്ടിട്ടുണ്ട് എന്നതിനാലും സർക്കാർ ഉത്തരവ് സാമ്പത്തിക വർഷം അവസാനം പുറപ്പെടുവിച്ചിട്ടുള്ളതിനാലും പദ്ധതി വിഹിതത്തിൽ നിന്നും വന്നിട്ടുള്ള 12900/- രൂപയുടെ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 4-ലെ കത്തു പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പരാമർശം 1-ലെ യോഗതീരുമാനം, ആലപ്പുഴ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ പരാമർശം 2-ലെ തീരുമാനം എന്നിവ പരിഗണിച്ചും, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2003-04 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ 3.4 ഖണ്ഡികയിലെ സമഗ്ര മുട്ട ഉല്പാദന പദ്ധതിയുടെ പദ്ധതി വിഹിതത്തിൽ നിന്നും വന്നിട്ടുള്ള 12900/- (പന്ത്രണ്ടായിരത്തി തൊള്ളായിരം) രൂപയുടെ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് , വികാസ് ഭവൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ആലപ്പുഴ.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.